## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം - കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1869/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 05.07.2012

---

പരാമർശം:- ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 26.04.2012 ലെ ഐ.കെ.എം./ഇ.സി.ഡി/14/12 നമ്പർ കത്ത്.

### ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള ഒരു നിർദ്ദേശം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശത്തിലെ കത്തു പ്രകാരം സമർപ്പിച്ചിരുന്നു.

സർക്കാർ ഈ നിർദ്ദേശം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു:

i) സെർവർ കമ്പ്യൂട്ടറിന്റെ അറ്റകുറ്റപ്പണിക്കായി ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചററുമായി കെൽട്രോൺ കരാർ ഉണ്ടാക്കേണ്ടതും അതിനുള്ള ചെലവ് സെർവർ കമ്പ്യൂട്ടറിന്റെ എ.എം.സി. തുകയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്.

ii) വാർഷിക അറ്റകുറ്റപ്പണി കരാറുകൾ ഇൻഫർമേഷൻ കേരള മിഷൻ മോണിട്ടർ ചെയ്യേണ്ടതാണ്.

iii) വാർഷിക അറ്റകുറ്റപ്പണി കരാറിൽ റിപ്പയറിനെടുക്കാവുന്ന കൂടിയ സമയം, ആ സമയത്തിനുള്ളിൽ റിപ്പയർ നടത്തിയില്ലെങ്കിൽ പകരം കമ്പ്യൂട്ടറുകൾ നൽകുന്ന കാര്യം മുതലായവ ഉൾപ്പെടുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം.ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ,
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
എല്ലാ നഗരസഭാ ചെയർമാൻ / മേയർ /സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ/ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് (16.06.2012 ലെ 34816/ഡി.എ 1/12/തസ്വഭവ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ